നേടിയിട്ടുള്ള ടി തസ്തികയിലുള്ളവർക്ക് സീനിയോറിറ്റിയും സംഘങ്ങളിൽ അംഗീകരിച്ചു നൽകിയിട്ടുള്ള ഫീഡർ കാറ്റഗറി വ്യവസ്ഥകളുമനുസരിച്ച് പ്രൊമോഷൻ നൽകുന്നുണ്ട്.

(ബി) ഓരോ സംഘത്തിന്റേയും ഫീഡർ കാറ്റഗറിയിൽ 3 വർഷത്തിൽ കുറയാത്ത സർവ്വീസും, സീനിയോറിറ്റിയും കണക്കാക്കിയുമാണ് പ്രൊമോഷൻ നൽകുന്നത്.

(സി) പ്രൊമോഷന് യോഗ്യത നേടിയ പ്യൂൺ/അറ്റന്റർ എന്നീ കാറ്റഗറിയിലെ ജീവനക്കാരെ ഫീഡർ കാറ്റഗറി സബ്റൂൾ പ്രകാരം ക്ലറിക്കൽ തസ്തികയിലേക്കാണ് നിയമിക്കുന്നത്.

സഹകരണ മേഖലയിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ

151 [3556] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ സംസ്ഥാന സഹകരണ ബാങ്കുകൾ, ജില്ലാ ബാങ്കുകൾ, സർവ്വീസ് ബാങ്കുകൾ, ഗവൺമെന്റ് ജീവനക്കാരുടെ സൊസൈറ്റികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിലെ ബോർഡ് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട് എന്ന് തരംതിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥൻമാർ എത്ര പേർ സർവ്വീസിൽ ഉണ്ടെന്നും എത്ര പേർ സസ്പെൻഷനിലാണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—സി) വിവരം വിജിലൻസ് വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല. ശേഖരിച്ചു നൽകുന്നതാണ്.

വിഴിഞ്ഞം വാണിജ്യ തുറമുഖ പദ്ധതി

152 [3557] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം വാണിജ്യ തുറമുഖ പദ്ധതി നിലച്ചു പോയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വിഴിഞ്ഞം വാണിജ്യ തുറമുഖ പദ്ധതിയെക്കുറിച്ച് സാധ്യതാ പഠനം നടത്തുവാൻ പുതിയ ഏതെങ്കിലും ഏജൻസിയെ കരാർ ഏൽപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly